രാവിലെ 10 മണിക്ക് പ്രസംഗം പൂർത്തിയാക്കിയശേഷം ബഹുമാനപ്പെട്ട ഗവർണ്ണർ സ്വന്തം ഇരിപ്പിടത്തിന് മുന്നിലെത്തിയപ്പോൾ വീണ്ടും ദേശീയഗാനം ആലപിക്കപ്പെട്ടു. ബഹുമാനപ്പെട്ട ഗവർണ്ണറെ ബഹുമാനപ്പെട്ട സ്പീക്കർ, നിയമസഭാ സെക്രട്ടറി എന്നിവർ ചേർന്ന് നിയമസഭാ മന്ദിരത്തിന്റെ കിഴക്കുവശത്തുള്ള പ്രധാന കവാടത്തിലേക്ക് അനുഗമിച്ച് യാത്രയാക്കി.

ബഹുമാനപ്പെട്ട ഗവർണ്ണറെ യാത്രയാക്കിയതിനുശേഷം തിരിച്ചെത്തിയ ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ യോഗം തുടർന്നു.

മി. സ്പീക്കർ: ഓർഡർ, ഓർഡർ,..... ഗവർണ്ണറുടെ പ്രസംഗത്തിന്റെ കോപ്പി ബഹുമാനപ്പെട്ട അംഗങ്ങൾക്കും പത്രപ്രതിനിധികൾക്കും ഇപ്പോൾ വിതരണം ചെയ്യുന്നതാണ്. ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിൻ മേലുള്ള ചർച്ച 2005 ജനുവരി 31, ഫെബ്രുവരി 1, 2 എന്നീ തീയതികളിൽ നടക്കുന്നതാണ്. നന്ദിപ്രമേയത്തിന് ഭേദഗതികൾ അവതരിപ്പിക്കാൻ ആഗ്രഹിക്കുന്ന അംഗങ്ങൾ 2005 ജനുവരി 28-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 3 മണിക്ക് മുമ്പായി ഭേദഗതികൾ നിയമസഭാ സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതാണ്.

പ്രത്യേക പരാമർശം:

സുനാമി ദുരന്തം സംബന്ധിച്ച്

മി. സ്പീക്കർ: 2004 ഡിസംബർ 26-ന് ഇൻഡോനേഷ്യക്കടുത്ത് സമുദ്രാന്തർഭാഗത്തുണ്ടായ അതിഭീകരമായ ഭൂകമ്പവും അതു സൃഷ്ടിച്ച സുനാമി പ്രതിഭാസവും ഇൻഡ്യയിലും മറ്റു ഏഴ് ദക്ഷിണേഷ്യൻ രാജ്യങ്ങളിലും ഏല്പിച്ച ആഘാതത്തിന്റെ ഹൃദയഭേദകമായ രംഗങ്ങൾ നേരിട്ടും ദൃശ്യമാധ്യമങ്ങളിലൂടെയും നാം കണ്ടു. കേട്ടുകേൾവി പോലുമില്ലാത്തവിധം ഉയർന്നുപൊങ്ങിയ രാക്ഷസ തിരമാലകൾ രണ്ടു ലക്ഷത്തോളം മനുഷ്യജീവനാണ് അപഹരിച്ചത്. കലി തുള്ളിയ കടൽ കേരളത്തിന്റെ തീരപ്രദേശങ്ങളിൽ നിന്ന് ഇരുന്നൂറോളം വിലപ്പെട്ട ജീവനുകളും തിട്ടപ്പെടുത്താനാകാത്തവിധം വസ്തുവകകളും കവർന്നെടുത്തു. തീരങ്ങൾ തകർത്തെത്തിയ സുനാമി കടലോരപ്രദേശങ്ങളിൽ സൃഷ്ടിച്ച മരണങ്ങളുടേയും നാശനഷ്ടങ്ങളുടേയും രംഗങ്ങൾ നമ്മെ കണ്ണിരണിയിക്കുന്നു. ഒരു മനുഷ്യായുസ്സ് കൊണ്ട് സമ്പാദിച്ച സ്വത്തെല്ലാം ഒരു നിമിഷത്തിനുള്ളിൽ തിരയിൽപ്പെട്ട് അവസാനിച്ചു. രൂപവും ഭാവവും നഷ്ടപ്പെട്ട തീരദേശങ്ങൾ, ജീവിതപാതയിൽ കൂട്ടാളികളായിരുന്ന ഭാര്യയും മക്കളും അച്ഛനമ്മമാരും നഷ്ടപ്പെട്ട്, പിറന്ന മണ്ണിൽ അഭയാർത്ഥികളാകേണ്ടിവന്ന മനുഷ്യരുടെ ഒടുങ്ങാത്ത തേങ്ങലുകൾ, ഉറ്റവരേയും ഉടയവരേയും തേടിയലയുന്നവർ, ദുഃഖം ഘനീഭവിച്ച മുഖങ്ങളുമായി ശൂന്യതയിലേക്ക് മിഴിനട്ടിരിക്കുന്ന ഹതഭാഗ്യർ, വാക്കുകൾക്കോ വികാരങ്ങൾക്കോ വിവരിക്കാനാകാത്ത ദുരന്തദൃശ്യങ്ങൾ നമ്മെ അക്ഷരാർത്ഥത്തിൽ നടുക്കുകയും വേദനിപ്പിക്കുകയും ചെയ്യുന്നു. താളം തെറ്റിയ പ്രകൃതിയുടെ മുന്നിൽ മനുഷ്യൻ എത്രയോ നിസ്സാരനും നിസ്സഹായനുമാണെന്ന ഓർമ്മപ്പെടുത്തൽപോലെ വന്നണഞ്ഞ ദുരന്തത്തിന്റെ കെടുതികൾ നേരിട്ട് അനുഭവിക്കേണ്ടിവന്നവരുടെ മാത്രമല്ല, നമ്മുടെയെല്ലാവരുടേയും കൂടിയാണ്. അപ്രതീക്ഷിതമായി വന്നണഞ്ഞ ഈ മഹാദുരന്തത്തിൽ സംസ്ഥാന സർക്കാരിന്റെ സമയോചിതവും ഫലപ്രദവുമായ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ദുരിതബാധിതർക്ക് ഒരു പരിധി വരെ സാന്ത്വനമായി നിയമസഭാ സാമാജികരും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് മുന്നിട്ടിറങ്ങുകയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കൈയയച്ച് സഹായിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്ത് മാതൃക കാട്ടിയത് ഈ അവസരത്തിൽ ചെയർ നന്ദിയോടെ സ്മരിക്കുന്നു. ദുരിതാശ്വാസ പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ ഏകോപിപ്പിക്കുന്നതിനായി ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പിന് രൂപം കൊടുത്ത ഗവൺമെന്റിന്റെ ആത്മാർത്ഥമായ പരിശ്രമങ്ങളെ അഭിനന്ദിക്കുന്നു. മനുഷ്യമനസ്സുകളിൽ നന്മയുടെ നീരുറവകൾ വറ്റിയിട്ടില്ലെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് എല്ലാ വ്യത്യാസങ്ങളും മറന്ന് ദുരിതാശ്വാസത്തിന് മുന്നിട്ടിറങ്ങിയ മാധ്യമങ്ങൾ, സ്ഥാപനങ്ങൾ, സംഘടനകൾ, വിവിധ ജനവിഭാഗങ്ങൾ തുടങ്ങിയ എല്ലാവരേയും സഭ നന്ദിപൂർവ്വം ഓർക്കുന്നു. പ്രധാനമന്ത്രിയും കേന്ദ്രസർക്കാർ പ്രതിനിധികളും ദുരിതബാധിത പ്രദേശങ്ങളിൽ പര്യടനം നടത്തി സാഹചര്യങ്ങൾ നേരിട്ട് ബോധ്യപ്പെട്ട നിലക്ക് സംസ്ഥാന സർക്കാരിന്റെ ദുരിതാശ്വാസ പ്രവർത്തനത്തിന് ആവശ്യമായ കേന്ദ്ര സഹായം ലഭിക്കുമെന്ന് പ്രതീക്ഷിക്കാം. മറ്റെല്ലാ അഭിപ്രായ വ്യത്യാസങ്ങളും മാറ്റിവച്ച് അവസരത്തിനൊത്തുയർന്ന് ഈ ആപൽഘട്ടത്തിൽ, ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഒരേ മനസ്സോടെ നമുക്കെല്ലാം പങ്കാളികളാകാം. തീരങ്ങൾ തകർത്തെത്തിയ സുനാമി ദുരന്തത്തിൽ മൺമറഞ്ഞുപോയവരുടെ ഓർമ്മയ്ക്കു മുന്നിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് നമുക്ക് അൽപ്പസമയം എഴുന്നേറ്റു നിൽക്കാം.

(സുനാമി ദുരന്തത്തിൽ മരിച്ചവർക്ക് ആദരാഞ്ജലികൾ അർപ്പിക്കുന്നതിനായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റു നിന്ന് മൗനമാചരിച്ചു.)

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, സുനാമി ദുരന്തത്തിൽപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ നടക്കുകയാണ്. ഇതിനെ കുറിച്ച് സഭയിൽ ഒരു ചർച്ച നടക്കുന്നത് വളരെ നന്നായിരിക്കും. കാരണം, ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ എല്ലാവരും കൂട്ടായിട്ട് പ്രവർത്തിച്ചു. അതിന്റെ ഫലമായിട്ടാണ് നമുക്ക് കുറേയെങ്കിലും ആശ്വാസം എത്തിച്ചു കൊടുക്കാൻ സാധിച്ചത്. അതിനേക്കാൾ വലിയൊരു വെല്ലുവിളിയാണ് അവരുടെ പുനരധിവാസം. ആ പുനരധിവാസത്തിന്റെ കാര്യത്തിലും എല്ലാ ഭാഗത്തുനിന്നുമുള്ള സഹകരണം ഇന്ന് ലഭിക്കുന്നുണ്ട്. അതിന്റെ എല്ലാ കാര്യങ്ങളെക്കുറിച്ചും ചർച്ച സഭയിൽ നടക്കുന്നത് നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. ഗവൺമെന്റ് അതിന് തയ്യാറാണ്. അതുകൊണ്ട് അങ്ങ് നിശ്ചയിക്കുന്ന തീയതി, അല്ലെങ്കിൽ ബിസിനസ് അഡ്വൈസറി കമ്മിറ്റി കൂടി ഒരു തീയതി നിശ്ചയിച്ച് സഭ അതിനെക്കുറിച്ച് ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ഈ കാര്യത്തെക്കുറിച്ച് ഞാൻ പ്രതിപക്ഷനേതാവുമായും ആശയവിനിമയം നടത്തുകയുണ്ടായി. സുനാമി സംസ്ഥാനത്തു സൃഷ്ടിച്ച ദുരന്തങ്ങളെക്കുറിച്ചും സംസ്ഥാന സർക്കാർ കൈക്കൊണ്ടിട്ടുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങളെക്കുറിച്ചും ഭാവിയിൽ ഇത്തരം പ്രകൃതിക്ഷോഭങ്ങളെ തരണം ചെയ്യുന്നതിന് നാം സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ചും വിശദമായി ചർച്ച ചെയ്യണമെന്ന ചെയറിന്റെ അഭിപ്രായം സഭാനേതാവും പ്രതിപക്ഷനേതാവുമൊക്കെ ഒരുപോലെ സമ്മതിച്ചു. ഈ കാര്യം ജനുവരി 31-ാം തീയതി ചേരുന്ന കാര്യോപദേശക സമിതിയോഗത്തിൽ പരിഗണിക്കുന്നതും ചർച്ചയ്ക്കുള്ള സമയം നിശ്ചയിക്കുന്നതുമാണ്.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2005 ജനുവരി മാസം 28-ാം തീയതി വെള്ളിയാഴ്ച രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 10.41-ന് പിരിഞ്ഞു.)

(ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിന്റെ മലയാളം കോപ്പി അനുബന്ധമായി ചേർത്തിട്ടുണ്ട്.)

LIBRARY ARCHIVES Kerala Legislative Assembly